പാഠം 8

# ജീവൻ തിരഞ്ഞെടുത്തുകൊൾക

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ഉല്പത്തി 2:8,9; റോമർ 6:23; 1 യോഹ. 5:12; ആവ. 30:1–20; റോമർ 10:6–10; ആവ. 4:19; വെളി. 14:6–12.**

**മനഃപാഠവാക്യം: "ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷി വെക്കുന്നു; അതുകൊണ്ട് നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിനു... ജീവനെ തിരഞ്ഞെടുത്തുകൊൾക" (ആവ. 30:19,20).**

എല്ലായ്പോഴും ഇതൊരു ദുഃഖകരമായ കഥയാണ്: ഇക്കാര്യത്തിൽ, 22 വയസ്സുള്ള ഒരു യുവതിക്ക് മാരകമായ ഒരു രോഗം പിടിപെട്ടു എന്നു കണ്ടെത്തി. അതൊരു മസ്തിഷ്കമുഴയായിരുന്നു. അത്യാധുനിക മരുന്നുകളൊക്കെയുണ്ടായിരുന്നിട്ടും ഒഴിവാക്കുവാൻ കഴിയാത്ത അതിവേദന നീളുകയല്ലാതെ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എന്നാൽ "സാന്റി' എന്നു പേരുള്ള ഈ യുവതിക്കു മരിക്കുവാൻ താല്പര്യമില്ല. അതുകൊണ്ട് അവൾക്കൊരു പദ്ധതിയുണ്ടായിരുന്നു. അവൾ മരണപ്പെട്ടു കഴിയുമ്പോൾ, അവളുടെ മസ്തിഷ്ക കോശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ആശിച്ചുകൊണ്ട്, അവളുടെ തല എടുത്ത് നൈട്രജൻ ലായിനി നിറച്ച ഒരു ചെരുവത്തിലാക്കി നല്ല വണ്ണം മരവിപ്പിച്ച് സൂക്ഷിക്കുക. അങ്ങനെ 50 വർഷം, 100 വർഷം, 1000 വർഷം എന്നിങ്ങനെ സൂക്ഷിക്കുക. ഭാവിയിലെപ്പോഴെങ്കിലും സാങ്കേതിക വിദ്യ വേണ്ടുംവിധം മുന്നേറിക്കഴിയുമ്പോൾ സിരാവിഷയകമായ ബന്ധങ്ങളോടുകൂടിയ അവളുടെ മസ്തിഷ്കത്തെ ഒരു കമ്പ്യൂട്ടറിലിടുക. അതേ, അങ്ങനെ സാന്റിക്ക് എന്നെന്നേക്കുമായി "ജീവിക്കുവാൻ" കഴിയും.

ദുഃഖകരമായ ഒരു കഥ, ഒരു യുവതി മരിക്കുവാൻ പോകുന്നതുകൊണ്ടല്ല, എന്നാൽ അവളുടെ ജീവന്റെ പ്രത്യാശ അവൾ എവിടെ ഇട്ടു എന്നുള്ളതുകൊണ്ടാണ്. അനേക മനുഷ്യരെയുംപോലെ, സാന്റിക്ക് ജീവൻ ആവശ്യമായിരുന്നു. തനിക്കു ജീവിക്കണ ണമായിരുന്നു. എന്നാൽ അന്ത്യത്തിൽ തീർച്ചയായും പ്രാവർത്തികമല്ലാത്ത ഒരു വഴി അവൾ തിരഞ്ഞെടുത്തു.

ഈ ആഴ്ച ആവർത്തനപുസ്തകം തുടർന്നു പഠിക്കുമ്പോൾ, ജീവന്റെ തിരഞ്ഞെടുപ്പിലേക്കും ജീവൻ തിരഞ്ഞെടുക്കുവാൻ നല്കപ്പെട്ടിരിക്കുന്ന അവസരത്തിലേക്കും നാം നോക്കും. എന്നാൽ അത് തിരഞ്ഞെടുക്കുന്നതിന് ജീവന്റെ ദാതാവും അതിന്റെ പരിപാലകനുമായ ദൈവം ഹൃദയപൂർവ്വം നല്കിയിരിക്കുന്നു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 20 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ജീവന്റെ വൃക്ഷം

ഇവിടെ ആയിരിക്കണമെന്ന് നമ്മിലാരുംതന്നെ ആവശ്യപ്പെട്ടില്ല, ആവശ്യപ്പെട്ടിട്ടുണ്ടോ? നാമിവിടെ എപ്പോൾ ജനിച്ചെന്നും നമ്മുടെ മാതാപിതാക്കൾ ആരായിരുന്നെന്നുമുള്ളതിനെക്കാളുമുപരി നമ്മുടെ അസ്തിത്വത്തിലേക്കു വരുവാൻ നാം തിരഞ്ഞെടുപ്പു നടത്തിയില്ല.

ആദാമിനെയും ഹവ്വയെയും സംബന്ധിച്ചും ഇതുതന്നെയാണ്. ഒരു ഇല, ഒരു പാറ, ഒരു പർവ്വതം എന്നിവയെക്കാളുമധികം ദൈവത്താൽ സൃഷ്ടിക്കപ്പെടുവാൻ ഒരു തിരഞ്ഞെടുപ്പ് അവർ നടത്തിയില്ല. മാനവകുലമെന്നവിധം, നമുക്കു നൽകപ്പെട്ടിരിക്കുന്നത് വെറും അസ്തിത്വവും ജീവനും മാത്രമല്ല, എന്നാൽ ദൈവത്തിന്റെ സ്വരൂപത്തിൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന വിവേകമുള്ള സ്വതന്ത്രമനുഷ്യരാണ്. അതുപോലെ തന്നെ വിവേകമുള്ള സ്വതന്ത്രമനുഷ്യരായി അസ്തിത്വത്തിലേക്കു വരുവാനും നാം തിരഞ്ഞെടുപ്പു നടത്തിയിട്ടില്ല. ദൈവം നമുക്കു തന്നിരിക്കുന്നത് അസ്തിത്വത്തിൽ തന്നെ ശേഷിക്കുന്നതിനുള്ള തിരഞ്ഞെടുപ്പാണ്. അതായത് അവനിൽ ജീവനും നിത്യജീവനും തിരഞ്ഞെടുക്കുക. യേശുവും അവന്റെ ക്രൂശിലെ മരണവും മൂലം അതാണ് നമുക്കുണ്ടായിരിക്കുവാൻ കഴിയുന്നത്.

**വായിക്കുക: ഉല്പത്തി 2:8,9,15–17; 3:22,23. ആദാമിന് തന്റെ അസ്തിത്വത്തെപ്പറ്റി ദൈവം കൊടുത്ത രണ്ട് താല്പര്യങ്ങൾ ഏതൊക്കെയാണ്?**

"ഏദെന്റെ മദ്ധ്യേ ജീവവൃക്ഷമുണ്ടായിരുന്നു അതിന്റെ ഫലത്തിന് ജീവൻ നിലനിർത്തുവാനുള്ള ശക്തിയുണ്ടായിരുന്നു. ആദാം ദൈവത്തോട് അനുസരണമുള്ളവനായി ശേഷിച്ചിരുന്നെങ്കിൽ, തനിക്ക് ഈ വൃക്ഷത്തിന്റെ തുടർന്നുള്ള സ്വതന്ത്ര സമീപനം ആസ്വദിക്കുവാനും എന്നേക്കും ജീവിക്കുവാനും കഴിയുമായിരുന്നു. എന്നാൽ ആദാം പാപം ചെയ്തതോടുകൂടി ആ വൃക്ഷത്തിൽനിന്നും ഭക്ഷിക്കുവാനുള്ള അവസരം വിച്ഛേദിക്കപ്പെടുകയും മരണത്തിനധീനനാകുകയും ചെയ്തു. "നീ പൊടിയാകുന്നു; പൊടിയിൽ തിരികെ ചേരും" എന്ന ദിവ്യന്യായവിധി കാണിക്കുന്നത് ജീവന്റെ മൊത്ത വിനാശമാണ്" E G W, Great Controversy, pp. 532, 533.

അങ്ങനെ തുടക്കംമുതൽതന്നെ, രണ്ടു തിരഞ്ഞെടുപ്പുകളിൽ, നിത്യജീവൻ എന്ന ഒരെണ്ണമാണ് ബൈബിൾ പ്രദാനം ചെയ്യുന്നത്. അതാണ് നമുക്ക് ആരംഭംമുതൽ ഉണ്ടായിക്കേണ്ടത്. അടുത്തത് നിത്യമരണം. അതാണ് ഒരർത്ഥത്തിൽ, നാം ആദ്യം വന്ന ഒന്നുമില്ലായ്മയിലേക്കു വെറുതെ തിരിച്ചുപോകുന്നത്.

അമർത്യത നൽകുന്നു എന്നു തിരുവെഴുത്തുകൾ പറയുന്ന "ജീവന്റെ വൃക്ഷം" ബൈബിളിന്റെ ആദ്യപുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നത് എങ്ങനെയാണ് അവസാനപുസ്തകത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നത് എന്ന വസ്തുത താല്പര്യകരവും കൂടിയാണ്. വെളി. 2:7; 22:2,14 എന്നീ വാക്യങ്ങൾ വായിക്കുക. ജീവന്റെ വൃക്ഷവുമായി നമുക്കു പ്രത്യാശയുണ്ടാകേണ്ടിയിരുന്നുവെങ്കിലും പാപം കാരണം ആ പ്രാപ്യത നമുക്കു നഷ്ടപ്പെട്ടു; അപ്പോൾ, അവസാനം, പാപപ്രശ്നം ആത്യന്തികമായി പരിഹരിക്കപ്പെട്ട് പൂർണ്ണമായി അവസാനിച്ചുകഴിയുമ്പോൾ, ജീവൻ തിരഞ്ഞെടുത്ത് വീണ്ടെടുക്കപ്പെട്ടവർക്ക് ആരംഭംമുതൽതന്നെ ഉണ്ടായിരിക്കേണ്ടിയിരുന്ന പ്രാപ്യത ജീവവൃ

ക്ഷവുമായി ഉണ്ടാകും എന്നതിന് യേശുവിനും രക്ഷാപദ്ധതിക്കും നന്ദിപറയുന്നു.

**ഇതിനെപ്പറ്റി ചിന്തിക്കുക: ദിനംപ്രതിയുള്ള നമ്മുടെ തിരഞ്ഞെടുപ്പിലൂടെ ജീവനോ മരണത്തിനോവേണ്ടി നാം എങ്ങനെയാണ് തിരഞ്ഞെടുപ്പുകൾ നടത്തുന്നത്?**

## ഇടനിലമില്ല

നമുക്കു രണ്ടു തിരഞ്ഞെടുപ്പുകളിൽ ഒരെണ്ണം ബൈബിളിലുടനീളം പ്രദാനം ചെയ്തിക്കുന്നു. ഇവിടെ രണ്ടു തിരഞ്ഞെടുപ്പുകൾ നമുക്കുവേണ്ടിയുണ്ട്.

**താഴെപ്പറയപ്പെടുന്ന വാകൃങ്ങൾ വായിക്കുക. ഏത് രണ്ടു താല്പര്യങ്ങളും ഏത് രണ്ടു തിരഞ്ഞെടുപ്പുകളും ഈ വാക്യങ്ങളിൽ തുറന്നുപ്രസ്താവിക്കപ്പെട്ടിരിക്കുകയോ അർത്ഥമാക്കിയിരിക്കുകയോ ചെയ്യപ്പെട്ടിരിക്കുന്നു. ഈ താല്പര്യങ്ങൾ എങ്ങനെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു?**

യോഹ. 3:16 ..........................................................................................................

ഉല്പത്തി 7:22,23 ..................................................................................................

റോമർ 6:23 .........................................................................................................

റോമർ 8:6 ...........................................................................................................

1 യോഹ. 5:12 ......................................................................................................

മത്തായി 7:24-27 ..................................................................................................

അവസാനം, മാനവകുലത്തിന് ഒരു ഇടനിലമില്ല. വൻപോരാട്ടം പൂർണ്ണമായി അവസാനിക്കുന്നതിനുമുമ്പ് പാപത്തെയും സാത്താനെയും ദുഷ്ടതയെയും അനുസരണക്കേടിനെയും മറുതലിപ്പിനെയും പൂർണ്ണമായും തുടച്ചുനീക്കും. അതു സംഭവിച്ചതിനുശേഷം നമുക്ക് ഓരോരുത്തർക്കും വ്യക്തിപരമായി ഉണ്ടായിരിക്കണമെന്ന് ലോകസ്ഥാപനത്തിനുമുമ്പേ പദ്ധതിയിട്ട ജീവൻ, നിത്യജീവൻ ഉണ്ടായിരിക്കും അല്ലെങ്കിൽ നാം നിത്യമരണം നേരിടും. അതായത് "കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്ത്വവും വിട്ടകന്ന് നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സ. 1:9). മറ്റൊരു തിരഞ്ഞെടുപ്പും ബൈബിൾ നമുക്കുവേണ്ടി തരുന്നില്ല.

നമ്മുടെ വിധി എന്തായിരിക്കും? ആത്യന്തികമായി ഉത്തരം നമ്മുടെ കരങ്ങളിലാണ്. ജീവനോ, മരണമോ എന്ന തിരഞ്ഞെടുപ്പ് നമ്മുടെ കരങ്ങളിലാണ്.

**നിത്യജീവന്റെയോ നിത്യമരണത്തിന്റെയോ പശ്ചാത്തലത്തിൽ, നരകം എന്നെന്നേക്കും എരിയുകയും മനുഷ്യരെ ദണ്ഡിപ്പിക്കുകയും ചെയ്യുകയില്ലെന്നത് ഒരു ആശ്വാസസത്യമായിരിക്കുന്നത് എന്തുകൊണ്ട്? നിത്യമായി ബോധമുള്ള ദണ്ഡനം സത്യമായി നഷ്ടപ്പെട്ടവരുടെ വിധിവിഹിതമായിരുന്നെങ്കിൽ, ഇത് ദൈവത്തിന്റെ സ്വഭാവത്തെപ്പറ്റി എന്തുപറയും?**

## ജീവനും നന്മയും, മരണവും ദുഷ്ടതയും, അനുഗ്രഹങ്ങളും ശാപവും

ജനം അനുസരണക്കേടു കാണിക്കുകയും ഉടമ്പടി വാഗ്ദത്തങ്ങൾ ലംഘിക്കുകയും ചെയ്യുകയാണെങ്കിൽ എന്തു സംഭവിക്കുമെന്ന് ആവർത്തനപുസ്തകത്തിന്റെ അവസാനഭാഗത്തിലെ ഒരു നീണ്ട വെളിപ്പെടുത്തലിനുശേഷം ആവർത്തനം 30 ആരംഭിക്കുന്നത്, അവർ അനുസരണക്കേടിൽ വീണുപോകുകയും പ്രവാസത്തോടുകൂടിയ ശിക്ഷ അനുഭവിക്കേണ്ടിവരുകയും ചെയ്യുമെങ്കിലും ദൈവം അവരെ വാഗ്ദത്ത നാട്ടിലേക്കു കൊണ്ടുവന്ന് പൂർവ്വസ്ഥിതിയിലാക്കുമെന്ന വാഗ്ദത്തത്തോടുകൂടിയാണ്. അതായത്, അവർ മാനസാന്തരപ്പെട്ട് അവരുടെ ദുഷ്ടവഴികളിൽനിന്ന് തിരിയുകയാണെങ്കിൽ.

**വായിക്കുക: ആവ. 30:15–20. ഇവിടെ യിസ്രായേലിനു നല്കപ്പെട്ടിരുന്ന തിരഞ്ഞെടുപ്പുകൾ എന്തെല്ലാമാണ്, ഈ തിരഞ്ഞെടുപ്പുകൾ ബൈബിളിലുടനീളം നാം കാണുന്നവയെ എങ്ങനെ പ്രതിഫലിക്കുന്നു?**

ദൈവം വളരെ വ്യക്തമാണ്: അവൻ, യാഹ്വെ, രണ്ടു തിരഞ്ഞെടുപ്പുകളിൽ ഒരെണ്ണം അവരുടെ മുമ്പിൽ വച്ചിട്ടുണ്ടായിരുന്നു. അത് അടിസ്ഥാനപരമായി അവൻ ഏദെനിൽവച്ച് ആദാമിനോടും ഹവ്വയോടും ചെയ്തതായിരുന്നു. വാസ്തവത്തിൽ, ആവർത്തനം 30:15 ൽ “നന്മയ്ക്കും” (tov) “തിന്മയ്ക്കും” (ra) ഉപയോഗിച്ചിരിക്കുന്ന എബ്രായപദങ്ങൾതന്നെയാണ് ഉല്പത്തിയിൽ “നന്മതിന്മ”കളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ, ബൈബിളിലുടനീളം കാണപ്പെടുന്നതുപോലെതന്നെ ഒരു ഇടനിലം ഇല്ല. അവർ ദൈവത്തെ സേവിച്ച് ജീവൻ പ്രാപിക്കുക അല്ലെങ്കിൽ അവർ മരണം തിരഞ്ഞെടുക്കുന്നു. നമുക്കും ഇതു തന്നെയാണ്.

ജീവൻ, നന്മ, അനുഗ്രഹം എന്നിവ എന്തിനോട് താരതമ്യം ചെയ്യുന്നു? മരണം, തിന്മ, ശാപങ്ങൾ. അവസാനം ഇങ്ങനെയൊക്കെയായാലും ദൈവം വാസ്തവത്തിൽ അവർക്കു നന്മയും ജീവനും അനുഗ്രഹങ്ങളും മാത്രമേ നൽകുകയുള്ളൂ എന്ന് ഒരുവന് ന്യായമായി വാദിക്കാൻ കഴിയും. എന്നാൽ അവർ അവനിൽനിന്ന് തിരിഞ്ഞുപോയാൽ ഈ മോശമായ സംഗതികൾ സ്വാഭാവികമായ ഫലങ്ങളായിമാറും. കാരണം അവർക്ക് പിന്നെയൊരിക്കലും അവന്റെ പ്രത്യേകസംരക്ഷണം ഉണ്ടാകുകയില്ല.

നാമെങ്ങനെ ഇതു മനസ്സിലാക്കിയാലും ജനത്തിനുമുമ്പിൽ ഈ തിരഞ്ഞെടുപ്പുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഇത് വളരെ വ്യക്തമാണ്, സ്വതന്ത്രമായി തീരുമാനമെടുക്കുവാനുള്ള അവരുടെ കഴിവ്, സ്വതന്ത്ര തിരഞ്ഞെടുപ്പുകൾ. സ്വതന്ത്രതീരുമാനവും സ്വതന്ത്ര തിരഞ്ഞെടുപ്പും എന്ന പരിപാവനമായ ദാനത്തിൽനിന്നും വേറിട്ട് പഴയ പുതിയനിയമം ബൈബിളിന്റെ വളരെയധികത്തോടൊപ്പം ഈ വാക്യങ്ങൾ ഒരർത്ഥവും തരുന്നില്ല. ഒരു യഥാർത്ഥ അർത്ഥത്തിൽ, ദൈവം അവരോടിങ്ങനെ പറഞ്ഞു: അതുകൊണ്ട് ഞാൻ നിങ്ങൾക്കു നല്കിയിരിക്കുന്ന സ്വതന്ത്രതീരുമാനത്തോടുകൂടി ജീവൻ തിരഞ്ഞെടുക്കുക, അനുഗ്രഹം തിരഞ്ഞെടുക്കുക – നന്മ തിരഞ്ഞെടുക്കുക. മരണമല്ല, തിന്മയല്ല, ശാപവുമല്ല.

ശരിയായ തിരഞ്ഞെടുപ്പ് എന്തായിരിക്കണമെന്നതു വളരെ വ്യക്തമാണെന്നു തോന്നുന്നു. അങ്ങനെയല്ലയോ? എന്നിരുന്നാലും എന്തു സംഭവിച്ചു എന്നു നമുക്കറിയാം. വൻപോരാട്ടം അന്ന് ആയിരുന്നതുപോലെ ഇന്നും വാസ്തവമാണ്. നാം പൂർണ്ണമായും നമ്മെത്തന്നെയും ജീവനും ഈ തിരഞ്ഞെടുപ്പ് അനിവാര്യമാക്കിത്തീർക്കുന്ന സകലവും ദൈവത്തിനു കൊടുക്കാതിരുന്നാൽ എന്തു സംഭവിക്കുവാനിടയുണ്ടെന്ന് യിസ്രായേലിന്റെ അനുഭവത്തിൽനിന്നും നാം പഠിക്കേണ്ടിയിരിക്കുന്നു.

**വായിക്കുക: ആവ. 30:20. ഇവിടെ സ്നേഹവും അനുസരണവും തമ്മിലുള്ള കണ്ണി ശ്രദ്ധിക്കുക. ദൈവത്തോട് വിശ്വസ്തരായിരിക്കുന്നതിന് യിസ്രായേൽ എന്തുചെയ്യണം? ഇതേ തത്വങ്ങൾ ഇന്നു നമുക്കെങ്ങനെ പ്രായോഗികമാകുന്നു?**

## നിങ്ങൾക്ക് അത്ര കഠിനമല്ല

ജനം മാനസാന്തരപ്പെടുകയും അവരുടെ ദുഷ്ടവഴികളിൽനിന്ന് തിരിയുകയും ചെയ്താൽ എന്തു സംഭവിക്കുമെന്ന് ദൈവം പറയുന്നതോടുകൂടിയാണ് ആവർത്തനം 30–ാമദ്ധ്യായം ആരംഭിക്കുന്നത്. അവർക്ക് എന്ത് അത്ഭുതവാഗ്ദത്തങ്ങളും കൂടി നൽകപ്പെട്ടിരിക്കുന്നു.

**വായിക്കുക: ആവ. 30:1–10. അവർ അനുസരണക്കേട് കാണിക്കുകയാണെങ്കിൽ എന്തു സംഭവിക്കുമെന്നതിനെക്കുറിച്ച് ഇതു സംസാരിക്കുന്ന വസ്തുത ഉണ്ടായിരുന്നെങ്കിൽപോലും ദൈവം കൊടുത്ത വാഗ്ദത്തങ്ങൾ എന്തൊക്കെയാണ്? ദൈവത്തിന്റെ കൃപയെ സംബന്ധിച്ച് ഇതു നമ്മെ എന്തു പഠിപ്പിക്കുന്നു?**

ഇതു തീർച്ചയായും കേൾക്കുന്നതിന് ആശ്വാസകരമാകുമായിരുന്നു. എന്നാൽ ദൈവം കല്പിച്ചിട്ടുണ്ടായിരുന്നതിൽനിന്നും അവർ തിരിഞ്ഞുപോകുകയാണെങ്കിൽ എന്നത് ഒരു വിഷയമാകുന്നില്ല എന്നതായിരുന്നില്ല വിഷയം. ദൈവം ആർക്കും താണതരം കൃപ പ്രദാനം ചെയ്യുന്നില്ല. അങ്ങനെയെന്തെങ്കിലുമാണെങ്കിൽ അത് ദൈവത്തിന്റെ സ്നേഹം കാണിക്കണമായിരുന്നു. അങ്ങനെ ഒരു പ്രതികരണമെന്നവിധം, അവൻ അവരോടു ചെയ്യുവാൻ ആവശ്യപ്പെട്ടതിനോട് അനുസരണമുള്ളവരാകുന്നതിലൂടെ അവരുടെ സ്നേഹം വെളിപ്പെടുത്തിക്കൊണ്ട് അവനെ തിരിച്ചു സ്നേഹിക്കും.

**വായിക്കുക: ആവ. 30:11–14. ഇവിടെ ദൈവം അവരോടു പറയുന്നതെന്താണ്? ഈ വാക്യങ്ങളിലുള്ള അടിസ്ഥാന വാഗ്ദത്തം എന്താണ്? അതേ വാഗ്ദത്തം പ്രതിഫലിപ്പിക്കുന്ന എന്തു പുതിയ നിയമ വാക്യങ്ങളെപ്പറ്റി നിങ്ങൾക്കു ചിന്തിക്കുവാൻ കഴിയും?**

ഈ മനോഹര ഭാഷയോടും കാറ്റുകയറാത്തവിധമുള്ള ശാസ്ത്രതത്വത്തോടും കൂടെ ഇവിടെയുള്ള അപേക്ഷ നോക്കുക. ചെയ്യുവാൻ അത്ര കഠിനമായതൊന്നും ദൈവം അവരോട് ചോദിക്കുന്നില്ല. ദൈവത്തിന്റെ കല്പന അവർ മനസ്സിലാക്കുന്നതിന് അത്ര “പ്രയാസമോ” അത്ര “നിഗൂഢമോ” അല്ല. അവർക്ക് എത്തിപ്പറ്റുവാൻ കഴിയാതവണ്ണം അത്ര വിദൂരതയിലുമല്ല. ഇത് അങ്ങ് ഉയരെ സ്വർഗ്ഗത്തിലല്ല, ആരെങ്കിലും അവർക്കുവേണ്ടി കൊണ്ടുവരത്തക്കവണ്ണം അത്ര അകലെയുമല്ല. അവർക്കുവേണ്ടി കൊണ്ടുവരത്തക്കവണ്ണം കടലിനപ്പുറമല്ല; പകരം ദൈവം പറയുന്നു: “നീ അനുസരിപ്പാൻ തക്കവണ്ണം വചനം നിനക്ക് ഏറ്റവും സമീപത്തു നിന്റെ വായിലും നിന്റെ ഹൃദയത്തിലുംതന്നെ ഇരിക്കുന്നു” (ആവ. 30:14). അതായത് സംസാരിക്കുവാൻ കഴിയുംവിധം നിങ്ങൾക്കു വേണ്ടുവോളം അറിയാം. നിങ്ങൾ ചെയ്യേണ്ടതാണെന്ന് അറിയത്തക്കവിധം നിങ്ങളുടെ ഹൃദയത്തിലുണ്ട്. അതുകൊണ്ട് അനുസരിക്കാതിരിക്കുന്നതിന് ഒരു ഒഴികഴിവുമില്ല. “അവന്റെ ആജ്ഞകളെല്ലാം സാധ്യമാക്കിത്തീർക്കുന്നവയാണ്” EGWCOL p. 333.

വാസ്തവത്തിൽ ക്രിസ്തുവിങ്കലുള്ള രക്ഷയുടെ പശ്ചാത്തലത്തിൽ അപ്പൊസ്തലനായ പൗലൊസ് ഈ ചില വാക്യങ്ങൾ ഉദ്ധരിക്കുന്നു: അതായത്, പൗലൊസ് അവയെ വിശ്വാസത്താലുള്ള നീതീകരണത്തിന് ഒരു ഉദാഹരണമെന്നവിധം പരാമർശിക്കുന്നു (റോമർ 10:6–10). അക്കാലത്ത്, ആവർത്തനപുസ്തകത്തിലെ ഈ വാക്കു

കൾക്കുശേഷം ജീവനോ, മരണമോ, അനുഗ്രഹമോ ശാപമോ തിരഞ്ഞെടുക്കുന്ന തിന് യിസ്രായേൽ മക്കളോട് പറഞ്ഞു. കൃപയാലും വിശ്വാസത്താലും അവർ ജീവൻ തിരഞ്ഞെടുക്കുകയാണെങ്കിൽ അവർക്കത് ഉണ്ടായിരിക്കും.

**ഇത് ഇന്നും വ്യത്യസ്തമല്ല, അങ്ങനെയല്ലയോ?**

## ആരാധനയുടെ ഒരു ചോദ്യം

യിസ്രായേലും ദൈവവും തമ്മിലുണ്ടാക്കിയ ഉടമ്പടിബന്ധത്തിൽ കേന്ദ്രമായിരിക്കുന്നത് ആരാധനയാണ്. അവർക്കുചുറ്റുമുള്ള ലോകത്തിൽനിന്നും അവരെ വ്യത്യസ്തമാക്കിയത്, ഒരു ജനതയെന്നവിധം അവർ മാത്രമാണ് സത്യദൈവത്തെ ആരാധിച്ചത് എന്നുള്ളതാണ്. ഒരിക്കലും യഥാർത്ഥത്തിൽ ദേവന്മാരല്ലാത്ത അജ്ഞാന ലോകത്തിലെ വ്യാജദേവന്മാരെയും ദേവതമാരെയും എതിർത്തുകൊണ്ടായിരുന്നു അവർ അത് ചെയ്തത്. “ഞാൻ, ഞാൻ മാത്രമേയുള്ളൂ, ഞാനല്ലാതെ ദൈവമില്ല” (ആവ. 32:39).

**വായിക്കുക: ആവ. 4:19; 8:19; 11:16; 30:17. ഈ വാക്യങ്ങളിലെല്ലാം പൊതുവെയുള്ള താക്കീത് എന്താണ്? ഈ താക്കീത് യിസ്രായേൽ ജനതയ്ക്ക് അത്ര അനിവാര്യമായിരിക്കുന്നത് എന്തുകൊണ്ട്?**

ഇന്നെന്നപോലെ, ആയിരക്കണക്കിനു വർഷംമുമ്പ് മിക്കവാറും സന്ദർഭങ്ങളിലും ദൈവജനത്തിന്റെ വിശ്വാസവുമായി പോരാടിയ മാനദണ്ഡങ്ങളും പാരമ്പര്യങ്ങളും വീക്ഷണങ്ങളും പ്രകടിപ്പിച്ച സംസ്കാരത്തിലും ചുറ്റുപാടുകളിലും അവർ നിലകൊണ്ടു. ലോകത്തിന്റെ വഴികളും അതിന്റെ വിഗ്രഹങ്ങളും അതിന്റെ ദേവന്മാരും അവരുടെ ആരാധനാവസ്തുക്കൾ ആകാതിരിക്കുംവിധം ദൈവത്തിന്റെ ജനം എല്ലായ്പോഴും ജാഗരൂകരായിരിക്കണം. നമ്മുടെ ദൈവം ഒരു “തീക്ഷ്ണതയുള്ള ദൈവമാണ്” (ആവ. 4:24; 5:9; 6:15). നമ്മുടെ സ്രഷ്ടാവും വീണ്ടെടുപ്പുകാരനും എന്ന നിലയിൽ അവൻ മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ. ഇവിടെയും ഒരു ഇടനിലമില്ല. ഒന്നുകിൽ നാം ജീവനും നന്മയും അനുഗ്രഹങ്ങളും കൊണ്ടുവരുന്ന ദൈവത്തെ ആരാധിക്കുന്നു. അല്ലെങ്കിൽ തിന്മയും ശാപങ്ങളും മരണവും കൊണ്ടുവരുന്ന മറ്റേതെങ്കിലും ദൈവത്തെ ആരാധിക്കുന്നു.

**വെളി. 13:1–15 വരെ വായിക്കുകയും അവിടെ എങ്ങനെ ആരാധന പ്രദാനം ചെയ്തിരിക്കുന്നു എന്ന ചോദ്യത്തെ കേന്ദ്രീകരിക്കുകയും ചെയ്യുക. അതിനുശേഷം ഈ വാക്യങ്ങളെ വെളി. 14:6–12 വരെയുള്ള വാക്യങ്ങളുമായി താരതമ്യപ്പെടുത്തുക. വ്യാജ ആരാധനയെപ്പറ്റി ആവർത്തനത്തിൽ (വാസ്തവത്തിൽ തിരുവെഴുത്തിലുടനീളം) കൊടുത്തിരിക്കുന്ന മുന്നറിയിപ്പിനെ പ്രതിഫലിപ്പിക്കുന്ന എന്താണ് ഇവിടെ സംഭവിക്കുന്നത്?**

പശ്ചാത്തലം എങ്ങനെയുള്ളതായിരുന്നാലും വിഷയം ഒന്നുതന്നെയാണ്: ജനം സത്യദൈവത്തെ ആരാധിച്ച് ജീവൻ പ്രാപിക്കുമോ അതോ അവർ സമ്മർദ്ദത്തിനു വഴങ്ങുകയോ ഒളിച്ചുവയ്ക്കാതെയോ പിടികൊടുക്കാതെയോ അല്ലെങ്കിൽ രണ്ടും ആയിരിക്കുകയോ ആയിക്കൊണ്ട് അവരുടെ ഭയഭക്തി ദൈവത്തിൽനിന്നും മാറ്റി മരണം നേരിടുകയോ ചെയ്യുമോ? ആത്യന്തികമായി ഉത്തരം കിടക്കുന്നത് വ്യക്തിപരമായി ഓരോ ഹൃദയത്തിനുള്ളിലുമാണ്. ദൈവത്തെ അനുഗമിക്കുവാൻ പൗരാണിക യിസ്രായേലിനെ അവൻ നിർബന്ധിച്ചില്ല. നമ്മെയും നിർബന്ധിക്കുകയില്ല. നാം വെളിപ്പാട് പതിമൂന്നിൽ കാണുന്നതുപോലെ, നിർബന്ധിക്കുക എന്നത് മൃഗവും അതിന്റെ പ്രതിമയും ചെയ്യുന്ന ഒന്നാണ്. അതിനുപകരമായി, ദൈവം പ്രവർത്തിക്കുന്നത് സ്നേഹത്തിലൂടെയാണ്.

**നിഗൂഢമായിട്ടുപോലും യേശുവിനോടുള്ള ഭയഭക്തി വേറൊരു ദൈവത്തിന് കൊടുക്കുന്നില്ല എന്ന് നമുക്കെങ്ങനെ ഉറപ്പുവരുത്താം?**

## കൂടുതൽ പഠനത്തിന്:

അക്കാലത്തെന്നപോലെ ഇപ്പോഴും നമുക്കെല്ലാവർക്കും ഒരു തിരഞ്ഞെടുപ്പു നല്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് എന്നതാണ് ഇവിടത്തെ നിർണ്ണായകപദം. മാനവ കുലം ഉണ്ടാകുന്നതിനുമുമ്പുതന്നെ ചിലർ വെറുതെ നഷ്ടപ്പെടുകയല്ല. എന്നാൽ എന്നേക്കുമായി നരകത്തിൽ എരിയുന്നതിന് മുൻനിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന ക്രിസ്ത്യാനിത്വത്തിലെ ഒരു ദൃഢമായ ധാരണയിൽനിന്ന് വ്യത്യസ്തമായി, ജീവനോ മരണമോ, അനുഗ്രഹമോ ശാപമോ, നന്മയോ തിന്മയോ ഏത് ത്രിവർഗ്ഗം (ജീവൻ, നന്മ, അനുഗ്രഹം - അല്ലെങ്കിൽ മരണം, തിന്മ, ശാപം) അന്തിമമായി നാം നേരിടും എന്നു തീരുമാനിക്കുന്നത് നമ്മുടെ സ്വന്തം സ്വതന്ത്രമായ തീരുമാനമാണെന്ന് തിരുവെഴുത്തുകൾ പഠിപ്പിക്കുന്നു. ആരെങ്കിലും തെറ്റായ ഒരു തിരഞ്ഞെടുപ്പുണ്ടാക്കിയാലും ഫലം മരണമാണ്. നിത്യമരണമാണ്. ഒരിക്കലും അവസാനിക്കാത്ത ഒരു നരകാഗ്നി യിൽ നിത്യമായി ദണ്ഡനം അനുഭവിക്കുകയല്ല ചെയ്യുന്നത് എന്ന് അറിയുന്നത് എത്ര നല്ല കാര്യമാണ്.

"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻതന്നെ" (റോമർ 6:23). ജീവൻ നീതിമാന്റെ അവകാശമായിരിക്കെ, ദുഷ്ടന്റെ അംശം മരണമാണ്. മോശെ ഇങ്ങനെ പ്രഖ്യാപിച്ചു: "ഇതാ, ഞാൻ ഇന്നു ജീവനും ഗുണവും മരണവും ദോഷവും നിന്റെ മുമ്പിൽ വച്ചിരിക്കുന്നു" (ആവ. 30:15). ഈ തിരുവെഴുത്തുകളിൽ പരാമർശിച്ചിരിക്കുന്ന മരണം ആദാമിന്റെമേൽ പ്രഖ്യാപിക്കപ്പെട്ടതല്ല. കാരണം സകല മനുഷ്യരും അവരുടെ ലംഘനത്തിന്റെ ശിക്ഷ അനുഭവിക്കും. നിത്യജീവനിൽനിന്ന് വ്യത്യസ്തമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് 'രണ്ടാം മരണത്തെയാണ്' Ellen G. White, The Great Controversy, p - 544.

## ചർച്ചാചോദ്യങ്ങൾ

1. **ഇവിടെ ഇപ്പോൾ അനുസരണക്കേടിന്റെ ശിക്ഷ ദൈവം പ്രത്യക്ഷമായി കൊണ്ടുവരുകയാണോ അല്ലെങ്കിൽ അനുസരണക്കേടിന്റെ ആ പ്രവൃത്തിയുടെ നിയമംപോലെയുള്ള പരിണതഫലംപോലെ ഇതു വരുകയാണോ എന്നതിനെ സംബന്ധിച്ച് ചൊവ്വാഴ്ചത്തെ പഠനത്തിൽ അവതരിപ്പിച്ചിരിക്കുന്ന ആശയത്തെപ്പറ്റി ക്ലാസ്സിൽ കൂടുതൽ ചർച്ച ചെയ്യുക. അല്ലെങ്കിൽ ഇവ രണ്ടും ആകാം. അല്ലെങ്കിൽ ഇത് ഒന്നോ അഥവാ മറ്റു സംഗതികളോ ആകാമെന്നാണോ? ഈ വിഷയത്തെ നാം എങ്ങനെയാണ് മനസ്സിലാക്കുന്നത്?**
2. **പാപത്തെ ജയിക്കുന്നതിന് നമുക്കു ലഭ്യമായിരിക്കുന്ന ദൈവശക്തിയെക്കുറിച്ച് എലൻ വൈറ്റിന്റെ പ്രസ്താവന നമ്മെ ഇന്ന് എന്താണു പഠിപ്പിക്കുന്നത്?**
3. **രക്ഷയും നീതിയും ന്യായപ്രമാണത്തിലൂടെ അന്വേഷിക്കുന്നതിനു വ്യത്യസ്തമായി യേശുവിങ്കലുള്ള വിശ്വാസത്തിലൂടെയുള്ള രക്ഷ വിശദീകരിക്കുന്ന ആവ. 30:11–14 ൽ നിന്നും അപ്പൊസ്തലനായ പൗലൊസ് ഉദ്ധരിക്കുന്ന റോമർ 10:1–10 വരെയുള്ള ഭാഗം വായിക്കുക. എന്തുകൊണ്ടാണ് ആവർത്തനപുസ്തകത്തിൽനിന്നും താൻ ഈ വാക്യങ്ങൾ ഉപയോഗിച്ചത് എന്നതിനെപ്പറ്റി നിങ്ങൾക്ക് എന്തുതോന്നുന്നു? റോമർ 10:10 പ്രത്യേകം ശ്രദ്ധിക്കുക: "ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറകയും ചെയ്യുന്നു." എന്തു സൂചനയാണ് പൗലൊസ് ഉണ്ടാക്കുന്നത്?**
4. **നിങ്ങൾ ശ്രദ്ധാലുക്കളല്ലെങ്കിൽ, നിങ്ങളെ വ്യാജ ആരാധനയിലേക്കു നയിക്കും എന്ന് നിങ്ങളുടെ സ്വന്തം സംസ്കാരം, സമൂഹം, സ്വന്ത ജനംതന്നെ മുറുകെപ്പിടിക്കുന്ന വീക്ഷണങ്ങൾ ഏതെല്ലാം വിധത്തിലാണ്?**